**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3474** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായി ഇരിങ്ങപ്പുറം വില്ലേജിലെ 0.0590 ഹെക്ടർ സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള അപേക്ഷ എന്നാണ് റവന്യൂ വകുപ്പിന് ലഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായി ചാവക്കാട് താലൂക്ക് ഇരിങ്ങപ്പുറം വില്ലേജിലെ 0.0590 ഹെക്ടർ ഭൂമി കൈമാറുന്നതിനുള്ള അപേക്ഷ 10.11.2013 തീയതിയിലാണ് ലാന്റ് റവന്യൂ കമ്മീഷണർക്ക് ലഭിച്ചിരുന്നത്. |
| (ബി) | അപേക്ഷ ലഭിച്ച് 6 വർഷത്തോളമായിട്ടും ഇക്കാര്യത്തിൽ നടപടി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്നു വിശദമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ ഭൂമി ലഭിക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റിന്റേയും റിക്വിസിഷൻ ലഭിച്ചിരുന്നു. കൂടാതെ, ടി ഭൂമിയിൽ രാഷ്ട്രീയ പാർട്ടികൾ സ്ഥാപിച്ച സ്തൂപങ്ങളും ചിഹ്നങ്ങളും ഒഴിപ്പിക്കുന്നത് വളരെ ശ്രമകരമായ കാര്യമായിരുന്നു. കൈയ്യേറ്റം ഒഴിപ്പിച്ചതിനു ശേഷം പോലീസ് ഡിപ്പാർട്ട്മെന്റിനു ഭൂമി കൈമാറുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 15.11.2019 ലാണ് ഭൂമി പോലീസ് ഡിപ്പാർട്ട്മെന്റിനു ആവശ്യമില്ലായെന്ന ജില്ലാ പോലീസ് മേധാവിയുടെ കത്ത് ലഭിച്ചത്. ആയതിനു ശേഷമാണ് എക്സൈസ് വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. |
| (സി) | എക്സൈസ് റേഞ്ച് ഓഫീസിനായി ഭൂമി എന്നത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകാനാകുമെന്ന് വിശദമാക്കാമോ? | (സി) | ഭൂമി കൈമാറ്റത്തിനുള്ള സർക്കാർ നിബന്ധന പ്രകാരം എക്സൈസ് വകുപ്പിന്റെ ആവശ്യം അനുവദനീയമാണെങ്കിൽ ആയതു 2 മാസത്തിനുള്ളിൽ നടപടി സ്വീകരിച്ച വിവരം റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ